പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 279 10/06/2013-ൽ മറുപടിക്ക്

# ഹാംലറ്റ് വികസന പദ്ധതി

ചോദ്യം മറുപടി

ശ്രീ.എം.വി.ശ്രേയാംസ് കുമാർ : കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പാക്കുന്ന ഹാംലറ്റ് വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | (എ) | അവികസിതമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പാക്കേണ്ട പശ്ചാത്തല വികസന പദ്ധതികളും സാമ്പത്തിക വികസന പദ്ധതികളും ലക്ഷ്യമാക്കി പട്ടിക വർഗ്ഗക്കാർക്ക് പ്രതീക്ഷയുടെ ദിശാബോധം നൽകുന്ന തരത്തിൽ ആവശ്യമായ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാ ക്കാനാണ് ഹാംലറ്റ് ഡവലപ്മെന്റ് പദ്ധതി വിഭാവനം ചെയ്യുന്നത്. തെരഞ്ഞെ ടുക്കപ്പെടുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ളം, വൈദ്യുതി, സോളാർ ലൈറ്റ്, നടപ്പാത, കമ്മ്യൂണിറ്റി സെന്റർ, അംഗനവാടി, ലിങ്ക് റോഡ് എന്നീ പശ്ചാത്തല സൗകര്യങ്ങൾ പരമാവധി ഒരു കോടി രൂപ ചെലവിൽ ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 20 - പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ആണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിന് വേണ്ടി നടപ്പു സാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലത്തെ എം.പി/ എം.എൽ.എ, തദ്ദേശ - സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ തിരഞ്ഞെടുക്കപ്പെടുന്ന സങ്കേത ങ്ങളിലെത്തി വിപുലമായ ഊരുകൂട്ടം ചേർന്നു അത്യാവശ്യം നടപ്പാക്കേണ്ടുന്ന |

| | | | |
|---|---|---|---|
| | | | വികസന പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ . തീരുമാനിച്ച്, സർക്കാർ അക്രഡിറ്റു ചെയ്ത ഏജൻസികളിൽ എം.പി/എം.എൽ.എ നിശ്ചയിക്കുന്ന നിർവ്വഹണ ഏജൻസി മുഖേന വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | വയനാട് ജില്ലയിൽ നിന്നും ഹാംലറ്റ് വികസന പദ്ധതിക്കായി തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ; | (ബി) | വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ കാലിമന്ദം, പനമരം ഗ്രാമപഞ്ചായത്തിലെ അമ്മാനി,പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ കരിമം അമ്പലപ്പടി പണിയകോളനി കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള എടപ്പെട്ടി പണിയകോളനി എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളാണ് ഹാംലറ്റ് വികസന പദ്ധതി നടപ്പാക്കുന്നതിന് പരിഗണിക്കുന്നത്. |
| (സി) | ഓരോ പട്ടികവർഗ്ഗ സങ്കേതത്തിനും എന്തു തുകയുടെ വികസന പദ്ധതികളാണ് നടപ്പാക്കുന്നത്; വിശദമാക്കുമോ? | (സി) | ഓരോ പട്ടികവർഗ്ഗ സങ്കേതത്തിലും 1 കോടി രൂപയുടെ വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻഓഫീസർ